11
2024
ഒക്ടോബർ
വെള്ളി
കന്നി 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-5, Issue No.384 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-279 | പേജ് 4. വില 2.00 രൂപ




02 ഗാസയിൽ കൊല്ലപ്പെട്ടത് 175 മാധ്യമപ്രവർത്തകർ
03 ജനമനസുകളിലെ 'രത്നം ടാറ്റ'; ഇതിഹാസങ്ങൾക്ക് മരണമില്ല
04 ജനമനസുകളിലെ 'രത്നം ടാറ്റ'; ഇതിഹാസങ്ങൾക്ക് മരണമില്ല

## ജനമനസുകളിലെ 'രത്നം ടാറ്റ'; ഇതിഹാസങ്ങൾക്ക് മരണമില്ല

# ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ജനാധിപത്യവിരുദ്ധം

തിരുവനന്തപുരം: ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് പരിഷ്കരണം നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരേ ഐക്യകണ്ഠേന പ്രമേയം പാസാക്കി കേരള നിയമസഭ. മുഖ്യമന്ത്രിക്ക് വേണ്ടി പാർലമെൻററികാര്യ മന്ത്രി എം.ബി.രാജേഷാണ് പ്രമേയം അവതരിപ്പിച്ചത്.

രാജ്യത്തിന്റെ വൈവിധ്യങ്ങളെ താറുമാറാക്കാനുള്ള കുത്സിത നീക്കമാണിതെന്ന് പ്രമേയത്തിൽ പറയുന്നു. സംസ്ഥാന സർക്കാരുകളെയും തദ്ദേശ സ്ഥാപന പ്രതിനിധികളെയും തെരഞ്ഞെടുത്ത ജനങ്ങളോടുള്ള അവഹേളനമാണിത്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കുള്ള പരമാധികാരത്തെ വെല്ലുവിളിക്കുന്ന നടപടിയാണിതെന്നും പ്രമേയത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പാർലമെൻറ്, നിയമസഭ, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളെ കേവലം ചെലവായി മാത്രം കാണുന്നത് ജനാധിപത്യവിരുദ്ധമാണ്. ഇത്തരം ജനാധിപത്യവിരുദ്ധ ചിന്താഗതിയാണ് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് എന്ന ആശയത്തിൽ നിഴലിച്ചുനിൽക്കുന്നത്.

രാജ്യത്തെ തെരഞ്ഞെടുപ്പുകളാകെ ഒരേസമയം നടത്താനുള്ള ശിപാർശ ഭരണഘടനയുടെ അന്തസത്തയ്ക്ക് നിരക്കാത്തതും ഭരണഘടനാമൂല്യങ്ങൾക്കെതിരുമാണ്.

ആർഎസ്എസ് ബിജെപി അജണ്ട നടപ്പിലാക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നും പ്രമേയത്തിൽ വിമർശനമുണ്ട്.



## ഇന്ത്യക്കാരെ പ്രമേഹരോഗികളാക്കുന്നത് എജിഇ ഭക്ഷണക്രമം


തിരുവനന്തപുരം: തിരുവോണം ബംപർ ഭാഗ്യശാലിയെ കണ്ടെത്തി. കർണാടക പാണ്ഡ്യപുര സ്വദേശി അൽത്താഫിനാണ് 25 കോടി ലഭിച്ചത്. കർണാടകയിൽ മെക്കാനിക്കായ അൽത്താഫ് വയനാട്ടിലെ ബന്ധുവീട്ടിൽ എത്തിയപ്പോഴാണ് ഓണം ബംപറെടുത്തത്. ഠഏ 434222 എന്ന നമ്പറിനാണ് ഒന്നാം സമ്മാനം ലഭിച്ചത്.

15 കൊല്ലമായി ടിക്കറ്റെടുക്കുന്നുണ്ടെന്നും ഒന്നാം സമ്മാനം തനിക്കാണെന്ന് ബുധനാഴ്ച തന്നെ അറിഞ്ഞിരുന്നു എന്നും അൽത്താഫ് പ്രതികരിച്ചു. സമ്മാനത്തുക കൊണ്ട് സ്വന്തമായി ഒരു വീട് നിർമിക്കണം, മകളുടെ കല്യാണം നടത്തണമെന്നാണ് ഏറ്റവും വലിയ ആഗ്രഹമെന്നും അൽത്താഫ് പറഞ്ഞു.

വയനാട് ബത്തേരിയിലെ എൻജിആർ ലോട്ടറീസ് നടത്തുന്ന നാഗരാജ് ആണ് ടിക്കറ്റ് വിറ്റത്. പനമരത്തെ എസ് ജെ ലക്കി സെൻററിൽ നിന്നുമാണ് നാഗരാജ് ടിക്കറ്റെടുത്തത്.

ഒരുമാസം മുൻപാണ് ടിക്കറ്റ് വിറ്റതെന്നും ആരാണ് വാങ്ങിയതെന്ന് ഓർമയില്ലെന്നും താൻ വിറ്റ ടിക്കറ്റിന് സമ്മാനം ലഭിച്ചതിൽ അതിയായ സന്തോഷമെന്നായിരുന്നു നാഗരാജിന്റെ ആദ്യപ്രതികരണം.

# രത്തൻ ടാറ്റ അന്തരിച്ചു



മുംബൈ: ഇന്ത്യൻ വ്യവസായലോകത്തെ വേറിട്ട വ്യക്തിത്വമായ രത്തൻ ടാറ്റ (86) അന്തരിച്ചു. മുംബൈയിലെ ബ്രീച്ച് കാൻഡി ആശുപത്രിയിൽ ഏതാനുംദിവസമായി ചികിത്സയിലായിരുന്നു.ഇന്നലെ രോഗം വഷളായതോടെ തീവ്രപരിചരണ വിഭാഗത്തിലേക്കു മാറ്റുകയായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ. എന്നാൽ ടാറ്റ കുടുംബം ഇക്കാര്യത്തിൽ പ്രതികരിച്ചിരുന്നില്ല. പതിവുപരിശോധനകൾക്കായാണ് ആശുപത്രിയിലെത്തിയതെന്നും ആരോഗ്യത്തെക്കുറിച്ച് ആശങ്കവേണ്ടെന്നും കഴിഞ്ഞദിവസം രത്തൻ ടാറ്റ അറിയിച്ചിരുന്നു.

1937 ഡിസംബർ 28നു മുംബൈയിലാണു രത്തൻ ടാറ്റയുടെ ജനനം. യുഎസിലെ കോർണൽ യൂണിവേഴ്സിറ്റിയിൽനിന്ന് 1962ൽ ആർക്കിടെക്ചറിൽ ബിരുദം നേടിയശേഷം ടാറ്റാ ഗ്രൂപ്പിന്റെ ഭാഗമാവുകയായിരുന്നു. 1971 നാഷണൽ റേഡിയോ ആൻഡ് ഇലക്ട്രോണിക് കന്പനി (നെൽകൊ) ഡയറക്ടർ ആയി. മൂന്നുവർഷത്തിനുശേഷം ടാറ്റാ സൺസ് ഡയറക്ടറായി സ്ഥാനക്കയറ്റം. ഇതിനിടെ ഹാർവാർഡ് ബിസിനസ് സ്കൂളിൽനിന്ന് എംബിഎ നേടി. അവിവാഹിതനാണ്.1991 മാർച്ചിലാണ് ടാറ്റാ ഗ്രൂപ്പിന്റെ ചെയർമാനാകുന്നത്. ടാറ്റ സ്റ്റീൽ, ടാറ്റ മോട്ടോർസ്, ടാറ്റ പവർ, ടാറ്റ കൺസൽട്ടൻസി സർവീസസ്, ടാറ്റ ടീ, ടാറ്റ കെമിക്കൽസ്, ടാറ്റ ടെലിസെർവീസസ്, ദി ഇന്ത്യൻ ഹോട്ടൽസ് കന്പനി തുടങ്ങി ഇന്ത്യക്കാരുടെ ദൈനംദിന ജീവിതവുമായി നേരിട്ടു ബന്ധമുള്ള കന്പനികളെയെല്ലാം പതിവു കോർപ്പറേറ്റ് രീതികളിൽനിന്ന് വ്യത്യസ്ഥമായി അദ്ദേഹം നയിച്ചു.2012ൽ ചെയർമാൻസ്ഥാനം ഒഴിഞ്ഞശേഷവും കന്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളിലും സാമൂഹ്യമേഖലയിലും സജീവസാന്നിധ്യമായിരുന്നു.ഇന്ത്യയിൽ പൂർണമായും രൂപകല്പന ചെയ്ത ഇൻഡിക്ക, നാനോ കാറുകൾ രത്തൻ ടാറ്റയുടെ നേതൃകാലത്താണു പുറത്തിറക്കിയത്. നിരവധി വിദേശകന്പനികൾ ഏറ്റെടുത്ത് ടാറ്റായെ ആഗോളതലത്തിൽ വിപുലീകരിക്കാനും രത്തൻ ടാറ്റയ്ക്കു കഴിഞ്ഞു.

## വയനാടിനായി എന്തെങ്കിലും ചെയ്യൂ: കേന്ദ്രത്തോട് ഹൈക്കോടതി

കൊച്ചി: വയനാടിനായി എന്തെങ്കിലും ചെയ്യുവെന്ന് കേന്ദ്രസർക്കാരിനോട് ഹൈക്കോടതി. വയനാട് വിഷയത്തിൽ ഇടപെടണമെന്നും ഹൈക്കോടതി കേന്ദ്രത്തോട് ആവശ്യപ്പെട്ടു. കേന്ദ്രസഹായം ഇല്ലാത്തെ വയനാട്ടിലെ പുനരധിവാസം സാധ്യമല്ലെന്ന് സംസ്ഥാനം കോടതിയെ അറിയിച്ചിരുന്നു.വയനാടിനായി കേന്ദ്രസർക്കാർ എന്താണ് ചെയ്യാൻ ഉദ്യേശിക്കുന്നതെന്ന് അറിയിക്കണമെന്ന് കഴിഞ്ഞ ആഴ്ച കോടതി ആവശ്യപ്പെട്ടിരുന്നു. ധനസഹായം നൽകുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയാണെന്നും അതിന്റെ നടപടി എന്തായെന്നും ഹൈക്കോടതി ചോദിച്ചിരുന്നു.എന്നാൽ വിശദീകരണത്തിന് കേന്ദ്രസർക്കാർ ഇന്ന് കൂടുതൽ സമയം തേടുക മാത്രമാണ് ചെയ്ത്. ഇതോടെയാണ് കോടതി വയനാടിനായി എന്തെങ്കിലും ചെയ്യുവെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടത്.


വയനാട്ടിലുണ്ടായ ദുരന്തവുമായി ബന്ധപ്പെട്ട് സർക്കാർ തയാറാക്കിയ എസ്റ്റിമേറ്റ് തുകയെ തെറ്റായി വ്യാഖ്യാനിച്ച് മാധ്യമങ്ങൾ നൽകിയ വാർത്തയെയും ഹൈക്കോടതി രൂക്ഷമായി വിമർശിച്ചു.ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ കോടതിയ്ക്ക് ബോധ്യമുണ്ടെന്നും മാധ്യമങ്ങളെ അത് ബോധ്യപ്പെടുത്തേണ്ട കാര്യമില്ലെന്നും ഹൈക്കോടതി പറഞ്ഞു. ദുരന്തത്തിൽ തെറ്റായ വ്യാഖ്യാനങ്ങൾ നൽകുന്നതിൽ നിന്നും മാധ്യമങ്ങൾ വിട്ടുനിൽക്കണമെന്നും ഹൈക്കോടതി പറഞ്ഞു.

ദുരന്ത നിവാരണ അതോറിറ്റിയോട് അസംബന്ധങ്ങൾക്ക് ചെവികൊടുക്കേണ്ട കാര്യമില്ലെന്നും ലക്ഷ്യത്തിൽ നിന്ന് പിന്തിരിയരുതെന്നും കോടതി അറിയിച്ചു.

### ദക്ഷിണ കൊറിയൻ എഴുത്തുകാരി ഹാൻ കാംഗിനു സാഹിത്യ നൊബേൽ

സ്റ്റോക്ക്ഹോം: 2024 ലെ സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം ദക്ഷിണ കൊറിയൻ എഴുത്തുകാരി ഹാൻ കാംഗിന്. ദക്ഷിണ കൊറിയൻ നോവലിസ്റ്റ് ഹാൻ സെംഗ് വോണിന്റെ മകളായാണ് ഹാൻ കാംഗ്.

ചരിത്രപരമായ ആഘാതങ്ങളെ അഭിമുഖീകരിക്കുകയും മനുഷ്യജീവിതത്തിന്റെ ദുർബലതകളെ തുറന്നുകാട്ടുകയും ചെയ്യുന്ന തീക്ഷ്ണതയുള്ള കാവ്യാത്മക ഗദ്യമാണ് ഹാൻ കാങിൻറേതെന്ന് പുരസ്കാര സമിതി വിലയിരുത്തി. ദക്ഷിണ കൊറിയയിലേയ്ക്കെത്തുന്ന ചരിത്രത്തിലെ ആദ്യത്തെ സാഹിത്യ നൊബേൽ ആണ് ഹാൻ കാങിൻറേത്.



# ഡേറ്റ ആൻഡ് എഐ മികവിൻറെ കേന്ദ്രം സ്ഥാപിച്ച് ഐബിഎസ്മേധാവിയായി മലയാളിയായ ജോർജ് വർഗീസ്



തിരുവനന്തപുരം: ട്രാവൽ ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിൽ നൂതനഗവേഷണ പ്രവർത്തനങ്ങൾക്കായി ഐബിഎസ് സോഫ്റ്റ് വെയർ ഡേറ്റ ആൻഡ് എഐ മികവിൻറെ കേന്ദ്രം സ്ഥാപിച്ചു. ഡേറ്റ അനാലിസിസ് മെഷീൻ ലേർണിംഗ് ഫിനാൻഷ്യൽ എൻജിനീയറിംഗ് തുടങ്ങിയവയിൽ കാൽ നൂറ്റാണ്ട് കാലത്തെ അനുഭവസമ്പത്തുള്ള മലയാളിയായ ജോർജ് വർഗീസ് ആണ് ഇതിൻറെ മേധാവി.

ഐബിഎസ്സിൻറെ ആഗോള പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ആധുനിക നിർമ്മിത ബുദ്ധി ഡേറ്റ അധിഷ്ഠിത സാങ്കേതികവിദ്യ ഐടി സേവനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയുടെ ഭാഗമായാണ് മികവിൻറെ കേന്ദ്രം സ്ഥാപിച്ചത്. ഉപഭോക്താക്കൾ, പുതിയ ഐടി ഉത്പന്നങ്ങൾ എന്നിവയിൽ നിർമ്മിത ബുദ്ധിയുടെ സാധ്യത കണ്ടെത്തുക, അതിൽ അധിഷ്ഠിതമായ ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തി എടുക്കുക എന്നിവ മികവിൻറെ കേന്ദ്രം ലക്ഷ്യമിടുന്നു. ഉത്തരവാദിത്വപൂർണ്ണമായ നിർമ്മിത ബുദ്ധി ശീലങ്ങൾ, ഉപഭോക്താവിൻറെ സ്വകാര്യത, ഡേറ്റ സുരക്ഷ, ധാർമികമായ പരിഗണനകൾ തുടങ്ങിയവ മികവിൻറെ കേന്ദ്രം ഉറപ്പാക്കും.

ഫിനാൻസ്, അൽഗോരിതം ഡെവലപ്മെൻറ്, നിർമ്മിത ബുദ്ധി, മെഷീൻ ലേർണിംഗ് പ്രാക്ടീസസ് തുടങ്ങിയവയിൽ കാൽ നൂറ്റാണ്ട് കാലമായി ജോർജ് വർഗീസ് പ്രവർത്തിച്ചുവരുന്നു. അപ്സ്കിൽസ് പി റ്റി ഇ ലിമിറ്റഡിൽ നിർമ്മിത ബുദ്ധി മെഷീൻ ലേണിങ് വിഭാഗത്തിൻറെ മേധാവിയായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സിസ്റ്റമാറ്റിക് ഹെഡ്ജ് ഫണ്ടായ പികാൻറ് ക്യാപിറ്റൽ ഇന്ത്യ സഹസ്ഥാപകൻ കൂടിയാണ് അദ്ദേഹം.

ട്രാവൽ ഇൻഡസ്ട്രിയിൽ നിർമ്മിത ബുദ്ധി അധിഷ്ഠിതമായി ഇനിയും ഉപയോഗപ്പെടുത്താത്ത നിരവധി സാധ്യതകൾ ഉണ്ടെന്ന് ജോർജ് വർഗീസ് പറഞ്ഞു. ട്രാവൽ ആൻഡ് ഹോസ്പിറ്റലിൽ വ്യവസായത്തെ പുനർ നിർവചിക്കാൻ തക്കവിധം ഉള്ള സാർഥകമായ ആധുനിക നിർമ്മിത ബുദ്ധി സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയാണ് ഉദ്ദേശ്യം. നിർമ്മിത ബുദ്ധിയുടെ ഗുണഫലങ്ങൾ പൂർണമായും ഉപയോഗപ്പെടുത്തുന്നതിനൊപ്പം ഈ രംഗത്ത് ഉത്തരവാദിത്തപരമായ ശീലങ്ങൾ കൊണ്ടുവരികയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

ഐബിഎസ് ചീഫ് ടെക്നോളജി ഓഫീസറായ ക്രിസ് ബ്രനഗൻറെ കീഴിൽ സിംഗപ്പൂർ ആസ്ഥാനമായിരിക്കും ജോർജ് വർഗീസിൻറെ പ്രവർത്തനം.

ട്രാവൽ അനുഭവങ്ങൾ വിപ്ലവകരമായ രീതിയിൽ മാറ്റാനായി നിർമ്മിത ബുദ്ധിക്ക് വലിയ പങ്കുവഹിക്കാനുണ്ടെന്ന് ക്രിസ് ബ്രനഗൻ പറഞ്ഞു. വിശ്വാസ്യതയിലും ഉത്തരവാദിത്വത്തിലും അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ ആയിരിക്കും ഈ ഉദ്യമത്തിൻറെ വിജയം. നൂതന ഗവേഷണത്തിനും കാര്യക്ഷമതയ്ക്കും പ്രാധാന്യം നൽകുന്നതിനൊപ്പം ഡേറ്റ, സ്വകാര്യത എന്നിവയുടെ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യാൻ ഐബിഎസ് തയ്യാറല്ല. ജോർജ് വർഗീസിൻറെ വിശാലമായ അനുഭവസമ്പത്തും നേതൃപാടവും ഈ ദിശയിൽ ഐബിഎസിനെ മുന്നോട്ടു നയിക്കുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം

# വയനാട് പുനർനിർമ്മാണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിലേക്ക് സംഭാവന നൽകാം

വയനാട് ദുരന്ത പശ്ചാത്തലത്തിൽ 2024 ജൂലൈ 30 മുതൽ സിഎംഡിആർഎഫ് അക്കൗണ്ടുകളിലേക്ക് നൽകിയ പുതിയ സംഭാവനകൾ വയനാട്ടിലെ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസത്തിനും പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും വേണ്ടിയാണ് ഉപയോഗിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലെ ക്യൂആർ കോഡ് തെറ്റായി നിർമ്മിക്കുവാനും വ്യാജ കോഡുകൾ ഉപയോഗിക്കാനുമുള്ള സാധ്യത മുൻകൂട്ടികണ്ട് സിഎംഡിആർഎഫ് ഡൊണേഷൻ പോർട്ടലിൽ നിന്നും ബാങ്കുകളുടെ ക്യൂആർ കോഡുകൾ ഒഴിവാക്കിയിരുന്നു. എന്നാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണം കൂടാതെ ചില രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, സംഘടനകളും കൂട്ടായ്മകളും സന്നദ്ധ പ്രവർത്തകരും മറ്റും ദുരിതബാധിതരെ സഹായിക്കുന്നതിനായി ധനസമാഹരണം നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നിരുൽസാഹപ്പെടുത്തേണ്ടതാണ്. https://donation.cmdrf.kerala.gov.in എന്ന പോർട്ടലിലൂടെ ഓൺലൈനായും പോർട്ടലിൽ നൽകിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലേക്കും ട്രഷറിയിലൂടെയും ടി.പി 80 എന്ന ട്രഷറി അക്കൗണ്ടിലേക്കും യുപിഐ വഴിയും, മുഖ്യമന്ത്രിയുടെ ഓഫീസിൽ നേരിട്ടും മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിലേക്ക് സംഭാവനകൾ നൽകുന്നതിനുള്ള സൗകര്യം സജ്ജമാക്കിയിട്ടുള്ള സാഹചര്യത്തിൽ മറ്റ് തരത്തിലുള്ള ധനസമാഹരണ മാർഗ്ഗത്തിൽ നിന്നും വിട്ടു നിൽക്കണം.

വയനാട്ടിലെ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വസത്തിനും പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും വേണ്ടി ദുരിതാശ്വാസനിധി (സി.എം.ഡി.ആർ.എഫ്) ലേക്ക് നൽകുന്ന സംഭാവനകളുടെ കണക്ക് (ദിവസം തോറും ഉള്ള അപ്ഡേഷൻസ് സഹിതം) വഴേ:// റീമശേീിരാറള.സലൃമഹമഴീശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. എന്നാൽ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും മറ്റുമായി നിലവിൽ ലഭ്യമായ തുക പര്യാപ്തമല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിലേക്ക് കൂടുതൽ സംഭാവനകൾ നൽകി പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമാകണമെന്നും ധനകാര്യവകുപ്പ് കുറിപ്പിൽ അറിയിച്ചു.

## തിരുവനന്തപുരത്ത് സിവിൽ സർവീസ് വിദ്യാർഥിനിയെ മാനഭംഗപ്പെടുത്തിയതായി പരാതി

തിരുവനന്തപുരം: കഴക്കൂട്ടത്ത് സിവിൽ സർവീസ് വിദ്യാർഥിനിയെ മാനഭംഗപ്പെടുത്തിയതായി പരാതി. അപ്പാർട്ട്മെൻറിൽ കയറി സുഹൃത്തിന്റെ സുഹൃത്ത് മാനഭംഗം ചെയ്തെന്നാണ് പെൺകുട്ടിയുടെ പരാതി. രണ്ട് ദിവസം മുൻപായിരുന്നു സംഭവം.

കൂപ്പർ ദീപു എന്ന ദീപുവാണ് വിദ്യാർഥിനിയെ മാനഭംഗപ്പെടുത്തിയത്. തന്റെ സുഹൃത്തിനെ കുറിച്ച് സംസാരിക്കാനുണ്ടെന്ന് പറഞ്ഞാണ് ദീപു അപ്പാർട്ട്മെൻറിലെത്തിയത്. പിന്നീട് ബലമായി മദ്യം നൽകിയശേഷം മാനഭംഗപ്പെടുത്തിയതെന്നും വിദ്യാർഥിനി പരാതിയിൽ പറയുന്നു. പീഡന ദൃശ്യങ്ങൾ പ്രതിയുടെ കൈവശമുണ്ടെന്നും പെൺകുട്ടി മൊഴി നൽകി.

പെൺകുട്ടിയുടെ പരാതിയിൽ കഴക്കൂട്ടം പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ദീപു സംസ്ഥാനം വിട്ടതായി പോലീസ് പറഞ്ഞു. പ്രതിക്കായി പോലീസ് അന്വേഷണം ഊർജിതമാക്കി.

## ശ്രേഷ്ഠം പദ്ധതി: ഒക്ടോബർ 31 വരെ അപേക്ഷിക്കാം

കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സംസ്ഥാനത്തെ / രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും/ പരിശീലകരിൽ നിന്നും പരിശീലനം നേടുന്നതിന് സാമൂഹ്യനീതി വകുപ്പ് ധനസഹായം നൽകുന്ന ശ്രേഷ്ഠം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. വ്യത്യസ്ത കലാകായിക രംഗങ്ങളിൽ അഭിരുചിയുള്ളവർക്ക് രാജ്യത്തിനകത്തുള്ള പ്രശസ്ത സ്ഥാപനങ്ങളിൽ പദ്ധതിയിലൂടെ പരിശീലനം ഉറപ്പ് വരുത്തുന്നു.

കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്ത ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാവുന്നതാണെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു. അപേക്ഷ നൽകുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 31.വിശദ വിവരങ്ങൾക്കും അപേക്ഷ ഫോമിനുമായി സാമൂഹ്യനീതി വകുപ്പിന്റെ ംെ.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2343241

## വയനാട്ടിൽ വീണ്ടും തെരച്ചിലിന് സർക്കാർ സന്നദ്ധമാണെന്ന് മന്ത്രി കെ. രാജൻ

തിരുവനന്തപുരം: വയനാട്ടിൽ ഉരുൾപൊട്ടലിൽ കാണാതായവർക്കവേണ്ടി വീണ്ടും തെരച്ചിലിന് സർക്കാർ സന്നദ്ധമാണെന്ന് മന്ത്രി കെ. രാജൻ. 122 പേരെ ഇനിയും കണ്ടെത്താനുണ്ട്. 55 ശരീര ഭാഗങ്ങൾ ഡിഎൻഎ പരിശോധന പോലും സാധ്യമല്ലാത്ത തരത്തിലായിരുന്നുവെന്നും മന്ത്രി പറഞ്ഞു.

തെരച്ചിൽ തുടരാൻ സർക്കാർ സന്നദ്ധമാണെന്നും കൂടിയാലോചനകൾക്ക് ശേഷം തീയതി തീരുമാനിക്കാമെന്നും മന്ത്രി രാജൻ നിയമസഭയിൽ പറഞ്ഞു.

വയനാട് ദുരന്തത്തിൽ കേന്ദ്ര സമീപനത്തിൽ നിരാശ ഉണ്ട്. കേന്ദ്ര സഹായം സംബന്ധിച്ച ഒരു നീക്കവും ഇതുവരെ ഇല്ല. 1202 കോടി രൂപയുടെ നഷ്ടം കണക്കാക്കി ഓഗസ്റ്റിൽ നിവേദനം കൊടുത്തിരുന്നു. പക്ഷേ ഒന്നും ഉണ്ടായില്ല.വയനാട് ദുരിതാശ്വാസത്തിനായി വീണ്ടും കേന്ദ്രത്തെ സമീപിക്കും. കേരളത്തിന്റെ ആവശ്യവും പ്രതിഷേധവും അറിയിക്കുമെന്നും രാജൻ കൂട്ടിച്ചേ!ർത്തു.

## അഭിമുഖം മാറ്റിവെച്ചു

സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ സോയിൽ സർവ്വേ ഓഫീസർ/ റിസർച്ച് അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന പാറോട്ടുകോണത്തുള്ള സെൻട്രൽ സോയിൽ അനലറ്റിക്കൽ ലബോറട്ടറിയിൽ വെച്ച് ഇന്ന് നടത്താനിരുന്ന അഭിമുഖം മാറ്റിവെച്ചു. നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി വെള്ളിയാഴ്ച പൊതുഅവധി പ്രഖ്യാപിച്ച സാഹചര്യത്തിലാണ് അഭിമുഖം മാറ്റിയത്. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## ഡി.ടി.പി ഓപ്പറേറ്റർ നിയമനം

എറണാകുളം ജനറൽ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിലെ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന്റെ ഭാഗമായി ആശുപത്രി വികസന സൊസൈറ്റി മുഖേന ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നതിനായി ഒക്ടോബർ 22ന് രാവിലെ 11.30ന് വാക് ഇൻ ഇന്റർവ്യു നടത്തും. താത്പര്യമുള്ളവർ അന്നേ ദിവസം യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ 0484 2386000 എന്ന നമ്പറിൽ ബന്ധപ്പെടണം.

## താൽപര്യപത്രം ക്ഷണിച്ചു

സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിൽ പാർട്ട്ടൈം കമ്പനി സെക്രട്ടറിമാരായി പ്രവർത്തിക്കുന്നതിന് താൽപര്യപത്രം ക്ഷണിച്ചു. പൂജപ്പുരയിലെ കേന്ദ്ര കാര്യാലയത്തിലാണ് ചുമതല നിർവഹിക്കേണ്ടത്. തൽപര്യപത്രം മാനേജിങ് ഡയറക്ടർ, കെ.എസ്.എച്ച്.പി.ഡബ്ല്യു.സി, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ 2024 ഒക്ടോബർ 22ന് വൈകിട്ട് 5 മണിക്ക് മുമ്പ് സമർപ്പിക്കണം. ഫോൺ: 0471 2322065.

## അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദ നഴ്സിംഗ് (പി.ജി. നഴ്സിംഗ്) കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ അലോട്ട്മെന്റ് മെമ്മോയും അസൽ രേഖകളും സഹിതം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി ഒക്ടോബർ 15ന് വൈകിട്ട് 3 മണിക്കകം പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽ വെബ്സൈറ്റ് കാണുക. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## ഭിന്നശേഷി വിഭാഗം ക്വാട്ട ; അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 വർഷത്തെ എൽ.എൽ.എം. കോഴ്സിലേയ്ക്കുള്ള ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ അന്തിമ കാറ്റഗറി ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഫോൺ: 0471 2525300.

## നാളെ റേഷൻകടകൾക്ക് അവധി: മന്ത്രി ജി.ആർ. അനിൽ

കഴിഞ്ഞ ഒരു മാസക്കാലം മുൻഗണനാകാർഡുകളുടെ മസ്റ്ററിംഗ് നടപടികളുമായി റേഷൻകട ലൈസൻസികൾ സഹകരിച്ചതിന്റെ അടിസ്ഥാനത്തിൽ നാളത്തെ (ഒക്ടോബർ 11) പൊതു അവധി റേഷൻകടകൾക്കും ബാധകമായിരിക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. റേഷകടകളുടെ അടുത്ത പ്രവൃത്തി ദിവസം തിങ്കളാഴ്ച ആയിരിക്കുമെന്നും മന്ത്രി അറിയിച്ചു.

## കർഷകരുടെ സിറ്റിംഗ് നടത്തും

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 2024 ഒക്ടോബർ മാസത്തിൽ ഇടുക്കി ജില്ലയിലെ കർഷകരുടെ സിറ്റിംഗ് നടത്തും. ഇടുക്കി പൈനാവ് സർക്കാർ അതിഥി മന്ദിരത്തിൽ വച്ച് ഒക്ടോബർ 16, 17, 18 തീയതികളിലാണ് സിറ്റിംഗ് നടത്തുന്നത്. സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. അന്നേ ദിവസങ്ങളിൽ രാവിലെ 9 മണിക്ക് സിറ്റിംഗ് ആരംഭിക്കും. പ്രസ്തുത തീയതികളിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.

## അപേക്ഷ തീയതി നീട്ടി

സംസ്ഥാന സർക്കാരിന്റെ റവന്യു വകുപ്പ് പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ ദുരന്തനിവാരണത്തിൽ ദ്വിവത്സര എം.ബി.എ കോഴ്സിന്റെ 202426 അധ്യയന വർഷത്തേക്ക് അപേക്ഷിക്കുവാനുള്ള തീയതി ഒക്ടോബർ 23 വരെ നീട്ടിയതായി ഐ.എൽ.ഡി.എം എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. അർഹതയുള്ള വിദ്യാർഥികൾക്ക് ildm.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷകർക്ക് 50 ശതമാനം മാർക്കിൽ കുറയാത്ത ബിരുദം ഉണ്ടായിരിക്കണം. സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 14, 19, 23 തീയതികളിൽ നടത്തും. കൂടുതൽ വിവരങ്ങൾക്ക്: 8547610005 എന്ന നമ്പറിൽ കോൺടാക്ട് ചെയ്യാവുന്നതാണ് അപേക്ഷകൾ നൽകാവുന്നതാണ്.

# ഗാസയിൽ കൊല്ലപ്പെട്ടത് 175 മാധ്യമപ്രവർത്തകർ

ഗാസ സിറ്റി: ഇസ്രയേൽ അധിനിവേശം ഒരു വർഷം പിന്നിടുമ്പോൾ ഗാസയിൽ ഇതുവരെ കൊല്ലപ്പെട്ടത് 175 മാധ്യമപ്രവർത്തകർ. ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ജേണലിസ്റ്റ് പുറത്തുവിട്ട റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള മാധ്യമസ്ഥാപനങ്ങൾക്കായി ഫ്രീലാൻസായി പ്രവൃത്തിക്കുന്ന പലസ്തീൻ മാധ്യമപ്രവർത്തകരാണ് കൊല്ലപ്പെട്ടവരിൽ അധികവും. അതേസമയം മാധ്യമപ്രവർത്തകരാണെന്ന് മനസിലാക്കിയതിന് ശേഷവും ഇസ്രയേൽ സേന ഇവരെ മനപ്പൂർവ്വം ആക്രമിക്കുകയായിരുന്നു എന്ന് തെളിയിക്കുന്ന നിരവധി സംഭവങ്ങൾ ഇതിന് മുമ്പും ഉണ്ടായിട്ടുണ്ട്.

ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ജേണലിസ്റ്റ് പ്രതിനിധി ടിം ഡോൺസൺ ഇക്കാര്യം ചൂണ്ടിക്കാട്ടുകയുണ്ടായി. ജേണലിസ്റ്റുകളുടെ മരണത്തിന്റെ തോത് ഞെട്ടിക്കുന്നതാണെന്ന് പറഞ്ഞ ഡോൺസൺ ഈ വിഷയത്തിൽ അന്താരാഷ്ട്ര നീതിന്യായ കോടതി ഇടപെടണമെന്നും അഭിപ്രായപ്പെട്ടു. ഇസ്രയേൽ ആക്രമണത്തിൽ ഗസയിലെ മാധ്യമപ്രവർത്തകരുടെ പത്ത് ശതമാനം ഇതിനകം കൊലപ്പെട്ട് കഴിഞ്ഞെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗാസയിൽ ഞായറാഴ്ച നടന്ന ബോംബാക്രമണത്തിൽ 19 വയസുകാരനായ ഒരു മാധ്യമപ്രവർത്തകൻ കൂടി കൊല്ലപ്പെട്ടിരുന്നു. ജബലിയ അഭയാർത്ഥി ക്യാമ്പിന് നേരെ നടന്ന ആക്രമണത്തിൽ ഹസൻ ഹമദ് എന്ന മാധ്യമപ്രവർത്തകനാണ് കൊല്ലപ്പെട്ടത്. ഇസ്രയേലിന്റെ നുഴഞ്ഞുകയറ്റത്തെ കുറിച്ച് റിപ്പോർട്ട് ചെയ്തതിന് തൊട്ടുപിന്നാലെയാണ് ഹമദ് കൊല്ലപ്പെടുന്നത്. ആക്രമണത്തിന്റെ ദൃശ്യങ്ങൾ ഹമദ് തത്സമയം റെക്കോഡ് ചെയ്യുകയും എക്സ് മുഖേന അയച്ചുതന്നിരുന്നതായും സഹപ്രവർത്തകൻ പറഞ്ഞിരുന്നു.

മാധ്യമപ്രവർത്തകരുടെ ജീവൻ രക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഇന്റർനാഷനൽ ഫെഡറേഷൻ ഓഫ് ജേണലിസ്റ്റ് ഇസ്രഈൽ സർക്കാറിനോട് നേരത്തെ തന്നെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ഒന്നും ലഭിച്ചിരുന്നില്ല.

# ദക്ഷിണ കൊറിയയുമായുള്ള അതിർത്തിയിൽ കൂടുതൽ നിയന്ത്രണമേർപ്പെടുത്തി ഉത്തര കൊറിയ

പോങ്യാങ്: ദക്ഷിണ കൊറിയൻ അതിർത്തിയിൽ നിയന്ത്രണമേർപ്പെടുത്തുമെന്ന് ഉത്തര കൊറിയ. പ്രകോപനപരമായ പ്രവർത്തനങ്ങൾ തടയാൻ അതിർത്തിയിൽ സൈനിക വിന്യാസം വിപുലീകരിക്കുമെന്ന് സൈന്യം അറിയിച്ചു.

ദക്ഷിണ കൊറിയയുമായി ബന്ധിപ്പിച്ചിരിക്കുന്ന റോഡുകളും റെയിൽപാതകളും പൂർണമായും വിച്ഛേദിക്കുമെന്ന് സൈന്യം വ്യക്തമാക്കി.

അതേസമയം, ഇത് സംബന്ധിച്ച് ഭരണഘടനാ പരിഷ്കരണം പ്രഖ്യാപിച്ചിട്ടില്ല. അതിർത്തി കടന്നുള്ള യാത്രകളും കൈമാറ്റങ്ങളും വർഷങ്ങളായി നിർത്തിവച്ചിരിക്കുന്നതിനാൽ പുതിയ നിയന്ത്രണങ്ങൾ ദക്ഷിണ കൊറിയയുമായുള്ള ബന്ധത്തെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമല്ല. യുദ്ധം തടയുന്നതിനും സുരക്ഷയ്ക്കും വേണ്ടിയുള്ള സ്വയം പ്രതിരോധ നടപടി എന്നാണ് ഉത്തര കൊറിയൻ സൈന്യം പ്രഖ്യാപനത്തെ വിശേഷിപ്പിക്കുന്നത്.

നിലവിലെ സ്ഥിതി മാറ്റാനുള്ള ഉത്തരകൊറിയയുടെ ഒരു ശ്രമവും പൊറുപ്പിക്കില്ലെന്ന് ദക്ഷിണ കൊറിയൻ സൈന്യം പ്രതികരിച്ചു. പ്രകോപനങ്ങൾ നടത്തിയാൽ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നും ദക്ഷിണ കൊറിയ മുന്നറിയിപ്പ് നൽകി. ഉത്തരകൊറിയയുടെ ആണവ, മിസൈൽ പദ്ധതികൾ കൊറിയൻ പെനിൻസുലയിൽ സമാധാനത്തിന് ഭീഷണിയാണെന്നും സൈന്യം പ്രസ്താവനയിൽ പറഞ്ഞു.

## പ്ലേസ്മെന്റ് ഡ്രൈവ്

തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ 2024 ഒക്ടോബർ മാസം 26 ന് രാവിലെ 10 മുതൽ ഒരു സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു.

വിവിധ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് പ്ലസ്ടു / ഐടിഐ / ഡിഗ്രി / പിജി / എംബിഎ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്കായി വിവിധ തസ്തികകളിലെ ഒഴിവുകളിലേക്കാണ് പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നത്. പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർഥികൾ ഒക്ടോബർ 25 ന് ഉച്ചയ്ക്ക് 1 മണിക്ക് മുൻപായി https://tinyurl.com/mr3d5bys എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.facebook.com/MCCTVM സന്ദർശിക്കുകയോ ഓഫീസ് പ്രവർത്തി സമയത്ത് 0471 2304577 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

## സ്പോട്ട് അഡ്മിഷൻ

കേരള സർക്കാരിൻറെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എഐസിടിഇ യുടെയും എപിജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെയും അംഗീകാരത്തോടെ നടത്തുന്ന നാലു വർഷത്തെ ഡിസൈൻ ബിരുദ പ്രോഗ്രാമിലേക്കുള്ള സ്പോട്ട് അഡ്മിഷന് അപേക്ഷ ക്ഷണിച്ചു. ഹയർ സെക്കൻഡറി പരീക്ഷയോ തത്തുല്യമായ പരീക്ഷകളോ 45 ശതമാനം മാർക്കോ അതിൽ കൂടുതലോ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. വിഷയാഭിരുചിയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്. പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം ഒക്ടോബർ 19 ന് രാവിലെ 11 മണിക്ക് മുൻപായി കൊല്ലം ചന്ദനത്തോപ്പിലുള്ള കെഎസ്ഐഡി കാമ്പസിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: www.ksid.ac.in . ഫോൺ: 0474 2719193.

## നവരാത്രി: 11ന് അവധി പ്രഖ്യാപിച്ചു

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംസ്ഥാനത്ത് നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഒക്ടോബർ 11ന് സർക്കാർ പൊതുഅവധി പ്രഖ്യാപിച്ചു.

## വാക് ഇൻ ഇന്റർവ്യൂ

കൊല്ലം സർക്കാർ മെഡിക്കൽ കോളജിലെ സീനിയർ റസിഡന്റ് (ഓർത്തോപീഡിക്സ്), സീനിയർ റസിഡന്റ് (ഒ.ബി.ജി) തസ്തികകളിലെ ഒഴിവുകളിലേക്ക് താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി വാക് ഇൻ ഇന്റർവ്യൂ ഒക്ടോബർ 11ന് രാവിലെ 11 മുതൽ നടത്തും. വിശദവിവരങ്ങൾക്ക്: www.gmckollam.edu.in.

# ജനമനസുകളിലെ 'രത്നം ടാറ്റ'; ഇതിഹാസങ്ങൾക്ക് മരണമില്ല

കോട്ടയം: ലോക വ്യാവസായിക മേഖലയിൽ ഇന്ത്യയെ അടയാളപ്പെടുത്തിയ മനുഷ്യൻ എന്ന് രത്തൻ നവാൽ ടാറ്റയെ ചുരുക്കി പറയാം. വാസ്തവത്തിൽ നിരവധി വിശേഷണങ്ങൾ അർഹിക്കുന്ന അതികായനാണ് അദ്ദേഹം. ഉപ്പ് മുതൽ വിമാനംവരെ നമുക്കിടയിൽ 'ടാറ്റ'യാണ്.



ലോകത്തിലെ ഏറ്റവും വില കുറഞ്ഞ കാറിനെ വിപണിയിലെത്തിച്ച വ്യവസായി, മാറിയ കാലത്ത് സോഫ്റ്റ്‌വെയർ മേഖലയിലും കടന്നെത്തിയ വീക്ഷണമുള്ളയാൾ അങ്ങനെ എണ്ണിയാലൊടുങ്ങാത്തയത്ര പ്രത്യേകതയുള്ള വ്യക്തിയായിരുന്നു ടാറ്റ സൺസ് ചെയർമാൻ എമെരിറ്റസ് രത്തൻ ടാറ്റ.

എന്നാൽ ഈ വിശേഷണങ്ങളേക്കാൾ അദ്ദേഹത്തെ സാധാരണജനങ്ങൾക്ക് പ്രിയപ്പെട്ടവനാക്കുന്ന കാരണം മറ്റ് മനുഷ്യരോടുള്ള കരുതൽ ആയിരുന്നു. ജീവകാരുണ്യ പ്രവർത്തനത്തിനായി കോടിക്കണക്കിന് ഡോളർ സംഭാവന നൽകിയതിനാൽ 300 ബില്യൺ ഡോളറിന്റെ സാമ്രാജ്യം സൃഷ്ടിക്കുന്നതിന് മേൽനോട്ടം വഹിച്ചിട്ടും 'ശതകോടീശ്വരൻ' പട്ടികയിൽ ഇടംപിടിക്കാത്ത 'മനുഷ്യൻ' ആയിരുന്നു ടാറ്റ. അതായത് ലാഭത്തിന്റെ 60 ശതമാനം സന്നദ്ധപ്രവർത്തനങ്ങൾക്ക് മാറ്റിവച്ച വലിയ ഹൃദയമുള്ള ആൾ.

1937 ഡിസംബർ 28ന് ബോംബെയിലെ ഒരു പാഴ്സി സൊരാസ്ട്രിയൻ കുടുംബത്തിലായിരുന്നു രത്തൻ ടാറ്റയുടെ ജനനം. മാതാപിതാക്കൾ വേർപിരിഞ്ഞതിനാൽ അദ്ദേഹത്തിന്റെ കുട്ടിക്കാലം മുത്തശിക്കൊപ്പമായിരുന്നു. എട്ടാംക്ലാസ് വരെ മുംബൈ കാംപ്യൻ സ്കൂളിലായിരുന്നു പഠനം. പിന്നീട് അവിടുത്തെതന്നെ കത്തീഡ്രൽ ആൻഡ് ജോൺ കനോൺ സ്കൂൾ, ഷിംലയിലെ ദ ബിഷപ്പ് കോട്ടൺ സ്കൂൾ, ന്യൂയോർക്ക് സിറ്റിയിലെ റിവർഡെയ്ൽ കൺട്രി സ്കൂൾ എന്നിവിടങ്ങളിലായിരുന്നു പഠനം. 1959ൽ അമേരിക്കയിലെ കോർണൽ സർവകലാശാലയിൽനിന്ന് അദ്ദേഹം ആർക്കിടെക്ചറിൽ ബിരുദവും നേടി.

1961ലാണ് കുടുംബ ബിസിനസായ ടാറ്റ സ്റ്റീൽസിൽ അദ്ദേഹം തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 71ൽ നാഷണൽ റേഡിയോ ആൻഡ് ഇലക്ട്രോണിക്സ് കമ്പനിയിൽ ഡയറക്ടർ ഇൻ ചാർജ് ആയിമാറി. 81ൽ ഗ്രൂപ്പിന്റെ മറ്റൊരു ഹോൾഡിംഗ് കമ്പനിയായ ടാറ്റ ഇൻഡസ്ട്രീസിന്റെ ചെയർമാനായി നിയമിതനായി. 91ലാണ് അമ്മാവനായ ജെആർഡി ടാറ്റയുടെ പിൻഗാമിയായി ടാറ്റ ഗ്രൂപ്പിന്റെ ചെയർമാനാകുന്നത്.

പിന്നീട് ടാറ്റയുടെ വളർച്ചയുടെ മറ്റൊരു ഘട്ടമാണ് വ്യവസായലോകം കണ്ടത്. 1991ലെ വെറും 10,000 കോടി വിറ്റുവരവിൽനിന്ന് 2011 12 കാലയളവിൽ 100.09 ബില്യൻ ഡോളറിന്റെ വർധനയാണ് കമ്പനിക്ക് ഉണ്ടായത്. ശ്രദ്ധേയമായ പല ഏറ്റെടുക്കലുകളും അദ്ദേഹത്തിന്റെ കാലയളവിലുണ്ടായി. ടാറ്റ മോട്ടോർസ്, ടാറ്റ സ്റ്റീൽ, ടാറ്റ കൺസൽട്ടൻസി സർവീസസ്, ടാറ്റ പവർ, ടാറ്റ ഗ്ലോബൽ ബിവറേജസ്, ടാറ്റ കെമിക്കൽസ്, ഇന്ത്യൻ ഹോട്ടൽസ് ആൻഡ് ടാറ്റ ടെലിസർവീസസ് എന്നിവയുടെയെല്ലാം ചെയർമാനായിരുന്നു രത്തൻ ടാറ്റ. 2008 ൽ പ്രമുഖ കാർ കമ്പനിയായ ഫോഡിന്റെ ജാഗ്വർ, ലാൻഡ് ലോവർ വിഭാഗങ്ങൾ ടാറ്റ ഏറ്റെടുത്തു.

2009 ൽ ടാറ്റ നാനോ കാർ വിപണയിലെത്തിച്ചു. 'ലോകത്തിലെ ഏറ്റവും വില കുറഞ്ഞ കാർ' എന്ന രീതിയിൽ ശ്രദ്ധനേടിയ ഒന്നായിരുന്നു നാനോ. അച്ഛനമ്മമാരുടെ ഇടയിൽ 'ഞെരുങ്ങുന്ന' കുട്ടികളെ കണ്ടപ്പോഴാണ് നാനോയുടെ ആശയം അദ്ദേഹത്തിനുണ്ടായത്. ഇടത്തരം കുടുംബങ്ങളുടെ സ്വപ്നമാണ് കാർ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. എന്നിരുന്നാലും നാനോ പരാജയപ്പെട്ട പരീക്ഷണമെന്ന് അദ്ദേഹം തന്നെ പിന്നീട് സമ്മതിച്ചതും ചരിത്രം.

പരിശീലനം സിദ്ധിച്ച ഒരു പൈലറ്റ് കൂടിയായിരുന്നു ടാറ്റ. 2007ൽ, എഫ് 16 ഫാൽക്കൺ യുദ്ധവിമാനം പറത്തിയ ആദ്യ ഇന്ത്യക്കാരനായി. ടാറ്റ ഒരു മികച്ച ആർട്ട് കളക്ടറും കാർ പ്രേമിയുമാണ്. ധാരാളം പെയിൻറിംഗുകളും ഫോട്ടോഗ്രാഫുകളും ശിൽപങ്ങളും അദ്ദേഹത്തിന്റെ ശേഖരത്തിലുണ്ട്. മഴ്സിഡസ് ബെൻസ്, ഫെരാരി, റോയൽ എൻഫീൽഡ് ബുള്ളറ്റ് തുടങ്ങി നിരവധി വിൻറേജ് വാഹനങ്ങളും ആധുനിക വാഹനങ്ങളും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു.നായകളോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും പ്രസിദ്ധമാണ്. താജ്മഹൽ ഹോട്ടലിൽ പ്രവേശിക്കുന്ന മൃഗങ്ങളെ ദയയോടും കരുതലോടും കൂടി അദ്ദേഹം പരിഗണിക്കുന്നത് നെറ്റിസൺസിനിടയിൽ വലിയ മതിപ്പുളവാക്കിയിരുന്നു.

ടാറ്റയുടെ ജീവിതം പറയുമ്പോൾ മുംബൈ ആക്രമണത്തെ കുറിച്ചും പറയേണ്ടിയിരിക്കുന്നു. 2008 നവംബർ 26ന് ആണ് മുംബൈ താജ് മഹൽ ഹോട്ടലിൽ ലഷ്കർ ഇ തൊയ്ബ ഭീകരർ ആക്രമണം നടത്തിയിരുന്നു. 29 വരെ നടന്ന ആക്രമണത്തിൽ 166 പേർ കൊല്ലപ്പെടുകയും മുന്നൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ഏകദേശം 400 കോടിയോളം രൂപയുടെ നഷ്ടമാണ് താജിന് ആക്രമണത്തിലുണ്ടായതെന്നാണ് കണക്ക്.

ഈ ആക്രമണം നടന്ന സമയം ഭീകരരുടെ വെടിയൊച്ചകൾക്കിടയിൽ വിറങ്ങലിച്ച് നിൽക്കുന്ന തന്റെ തൊഴിലാളികൾക്ക് ധൈര്യം പകരാൻ ടാറ്റ നേരിട്ട് എത്തിയിരുന്നു. ഹോട്ടലിന്റെ കൊളാബ എൻഡിൽ നിന്ന് രത്തൻ ടാറ്റ എൻഎസ്ജിയുടെ രക്ഷാപ്രവർത്തനം നിരീക്ഷിച്ചിരുന്നു. അതിഥികളുടെ സുരക്ഷ ഉറപ്പാക്കാനും അദ്ദേഹം ശ്രമിച്ചു.

ആക്രമണം കഴിഞ്ഞ് നാളുകൾക്കുള്ളിൽ തന്നെ താജ് ഹോട്ടലിനെ പൂർണ സ്ഥിതിയിലേക്ക് മടക്കിയെത്തിക്കാൻ ടാറ്റയ്ക്ക് കഴിഞ്ഞു. ആക്രമണത്തിൽ ജീവൻ നഷ്ടമായവരുടെ ബന്ധുക്കളെയും പരിക്കേറ്റവരെയും രത്തൻ ടാറ്റ നേരിട്ട് സന്ദർശിച്ചു. കൂടാതെ സഹായങ്ങൾ നൽകുന്നതിനായി 'ടാറ്റ താജ് പബ്ലിക്ക് സർവീസ് വെൽഫെയർ ട്രസ്റ്റ്' ആരംഭിച്ചു. ഇന്ത്യയിലെ 22 സംസ്ഥാനങ്ങളിലായി 45 ലക്ഷത്തോളം പേർക്കാണ് ട്രസ്റ്റിൽ നിന്ന് സഹായം ലഭിച്ചത്. 2012 ഡിസംബർ 28നാണ് അദ്ദേഹം ടാറ്റ സൺസിന്റെ ചെയർമാൻ സ്ഥാനത്തുനിന്നും വിരമിച്ചത്. പിന്നീട് ചെയർമാൻ സ്ഥാനത്തുവന്ന സൈറസ് മിസ്ത്രിയെ കമ്പനി 2016 ഒക്ടോബറിൽ പുറത്താക്കി. അതോടെ ഇടക്കാല ചെയർമാനായി രത്തൻ ടാറ്റ തിരിച്ചെത്തി. ശേഷം 2017 ജനുവരിയിൽ കമ്പനിയുടെ നേതൃത്വം എൻ. ചന്ദ്രശേഖറിന് അദ്ദേഹം കൈമാറി. പിന്നീട് ടാറ്റ സൺസ് ചെയർമാൻ എമറിറ്റസ് പദവിയിലാണ് രത്തൻ ടാറ്റയുള്ളത്. 2000ൽ പത്മഭൂഷണും 2008ൽ പത്മവിഭൂഷണും നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

## നാനോ...കാർ എന്ന സ്വപ്നത്തിലേക്ക് സാധാരണക്കാരനെ എത്തിച്ച രത്തൻ ടാറ്റ

കൊച്ചി: ഇന്ത്യൻ നിരത്തുകളിൽ എന്നും വിപ്ലവം സൃഷ്ടിച്ച വ്യക്തിയായിരുന്നു രത്തൻ ടാറ്റ. സാധാരണക്കാരന്റെ കാർ എന്ന സ്വപ്നങ്ങളെ യാഥാർഥ്യമാക്കിയ വ്യക്തി കൂടിയാണ് രത്തൻ ടാറ്റ.

മഴ നനഞ്ഞ് ഒരു കുടുംബം ബൈക്കിൽ പോകുന്നതു കണ്ട രത്തൻ ടാറ്റയുടെ ചിന്തകൾ എത്തിയത് സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്ന ഒരു കാറിലേക്കാണ്. ഈ ചിന്തയിൽനിന്നുമാണ് ടാറ്റ നാനോ പിറന്നത്.

ഒരു ലക്ഷം രൂപയുടെ കാർ അതായിരുന്നു ടാറ്റ നാനോ എന്ന പേരിൽ ടാറ്റ മോട്ടോഴ്സ് യാഥാർഥ്യമാക്കിയത്. 2009ലാണ് ടാറ്റ ഗ്രൂപ്പ് നിർമിതമായ ടാറ്റ നാനോ പുറത്തിറങ്ങുന്നത്. രത്തൻ ടാറ്റയുടെ സ്വപ്ന കാറായാണ് ടാറ്റ നാനോയെ ടാറ്റ മോട്ടോഴ്സ് കൊണ്ടുവന്നത്.

വാഹന വിപണിയിലെ ഓരോ മേഖലയിലും വലിയ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ടാറ്റയുടെ വാഹനങ്ങൾ എന്നും പുറത്തിറങ്ങിയിരുന്നത്. കോമേഴ്സൽ, പാസഞ്ചർ മേഖലകളിൽ ടാറ്റയുടെ വാഹനങ്ങൾക്ക് വെല്ലുവിളി ഉയർത്താൻ ഒരു കാലത്ത് മറ്റൊരു വാഹനങ്ങൾ പോലും ഇല്ലായിരുന്നു.

ടാറ്റ സിപ്, ടാറ്റ എയ്സ്, 207, ടാറ്റ സുമോ, ടാറ്റ ഇൻഡിക്ക, 407, എസി1210, എസ്കെ1613, എൽപിടി 1109, ടാറ്റ മാർക്കോപോളോ എന്നിവയെല്ലാം ഇന്ത്യൻ നിരത്തുകളിൽ വൻ വിപ്ലവമാണ് സൃഷ്ടിച്ചത്. ഓരോ മേഖലയിലും ഇവ ഇപ്പോഴും ഇന്ത്യൻ നിരത്തുകൾ കീഴടക്കിയിരിക്കുകയാണ്.

ആഢംബര കമ്പനിയായ ജാഗ്വർ, ലാൻഡ് ലോവർ എന്നിവയെയും ടാറ്റ ഏറ്റെടുത്തിരുന്നു.

## രത്തൻ ടാറ്റ; രാജ്യത്തിൻറെ സമഗ്രപുരോഗതിയ്ക്കായി സമർപ്പിച്ച ജീവിതം

തിരുവനന്തപുരം: വിഖ്യാത വ്യവസായി രത്തൻ ടാറ്റയുടെ നിര്യാണം രാജ്യത്തിനാകെയും വ്യവസായലോകത്തിനും തീരാനഷ്ടമാണെന്ന് ഐബിഎസ് സോഫ്റ്റ് വെയർ എക്സിക്യൂട്ടീവ് ചെയർമാൻ വി കെ മാത്യൂസ്. രാജ്യത്തിൻറെ സാമൂഹികസാമ്പത്തിക പുരോഗതിയ്ക്കായി സമർപ്പിതജീവിതം നയിച്ച വ്യക്തിയായിരുന്നു രത്തൻ ടാറ്റയെന്നും അദ്ദേഹം അനുശോചന സന്ദേശത്തിൽ പറഞ്ഞു.ഉണരുന്ന ഭാരതത്തിൻറെ ഊർജ്ജവും പ്രതീക്ഷയും വിജയവും സ്വാംശീകരിച്ച ക്രാന്തദർശിയായിരുന്നു അദ്ദേഹം.ലാളിത്യവും സരസമായ സംഭാഷണവും ആർക്കും നേരിട്ട് സമീപിക്കാവുന്ന വ്യക്തിത്വവുമായിരുന്നു അദ്ദേഹത്തിൻറേത്. ഏത് സമ്മർദ്ദ സാഹചര്യങ്ങളിലും ചെറുതമാശയിലൂടെ അന്തരീക്ഷം തണുപ്പിക്കാൻ അദ്ദേഹത്തിനാകുമായിരുന്നുവെന്ന് കേരളത്തിലെ ഐടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക്കിൻറെ ചെയർമാൻ കൂടിയായ വി കെ മാത്യൂസ് ഓർമ്മിച്ചു.

ഒരിക്കൽ ന്യൂയോർക്കിൽ വച്ച് രത്തൻ ടാറ്റയുമൊന്നിച്ച് അദ്ദേഹത്തിൻറെ സ്വന്തം ഹോട്ടലായ താജിൽ പ്രഭാതഭക്ഷണം കഴിച്ച അനുഭവവും വി കെ മാത്യൂസ് പങ്ക് വച്ചു. താജ് ഹോട്ടലിലെ ഒരു ജീവനക്കാരനോടു പോലും താനാരെന്ന് അദ്ദേഹം അറിയിച്ചില്ല. സ്വന്തം ഹോട്ടലിൽ നിന്ന് കഴിച്ച ഭക്ഷണത്തിൻറെ പണം സ്വന്തം ക്രെഡിറ്റ് കാർഡിൽ നിന്ന് നേരിട്ട് നൽകുന്ന ലോകത്തിലെ മുൻനിര വ്യവസായപ്രമുഖനായിരുന്നു അദ്ദേഹം.

പ്രാതലിനു ശേഷം വൈകീട്ട് കുടുംബത്തോടൊപ്പം യാദൃശ്ചികമായി അദ്ദേഹത്തെ മറ്റൊരു ഹോട്ടലിൽ വച്ച് വീണ്ടും കണ്ടപ്പോൾ, 'നിങ്ങൾ എന്നെയാണോ, അതോ ഞാൻ നിങ്ങളെയാണോ പിന്തുടരുന്നതെന്ന' തമാശരൂപേണയുള്ള സംഭാഷണവും വികെ മാത്യൂസ് സ്മരിച്ചു.

## ട്രേഡ്സ്മാൻ നിയമനം

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിങ്ങിൽ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൽ ട്രേഡ്സ്മാൻ ആട്ടോമൊബൈൽസ് തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളിലേക്ക് 202425 അധ്യയന വർഷത്തേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ദിവസ വേതനം 755 രൂപ. പ്രായപരിധി 1845 വയസ്. എഴുത്തുപരീക്ഷയുടെയോ അഭിമുഖത്തിന്റെയോ അടിസ്ഥാനത്തിലായിരിക്കും നിയമനം. ഉദ്യോഗാർഥികൾ ഒക്ടോബർ 21 ന് രാവിലെ 10 മണിക്ക് ബന്ധപ്പെട്ട വിഭാഗത്തിൽ ബയോഡേറ്റ, അസൽ സർട്ടിഫിക്കറ്റ്, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം നേരിട്ട് ഹാജരാകണം. അപേക്ഷ ഫോമിന്റെ മാതൃക www.cet.ac.in വെബ്സൈറ്റിൽ ലഭ്യമാണ്.

## മിൽട്ടൺ ചുഴലിക്കൊടുങ്കാറ്റ്: ഫ്ലോറിഡയിൽ ലക്ഷങ്ങളെ ഒഴിപ്പിച്ചു

താന്പ: മിൽട്ടൻ ചുഴലിക്കൊടുങ്കാറ്റ് ഭീഷണിയിൽ അമേരിക്കയിലെ ഫ്ലോറിഡ സംസ്ഥാനത്ത് ലക്ഷങ്ങളോട് ഒഴിഞ്ഞുപോകാൻ നിർദേശം. സംസ്ഥാനത്തെ 67 കൗണ്ടികളിൽ 51ലും അടിയന്തര ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു.

കാറ്റഗറി അഞ്ചിൽനിന്നു നാലിലേക്കു താഴ്ന്നെങ്കിലും ചുഴലിക്കൊടുങ്കാറ്റിന് 260 കിലോമീറ്റർ വേഗമുണ്ടെന്നു കാലാവസ്ഥാ നിരീക്ഷണ വൃത്തങ്ങൾ പറഞ്ഞു. കൊടുങ്കാറ്റിനോടനുബന്ധിച്ച് 38 സെൻറിമീറ്റർ വരെ മഴയും മിന്നൽ പ്രളയവും ഉണ്ടാകാം. തീരപ്രദേശത്ത് അഞ്ചു മീറ്റർ ഉയരത്തിൽ തിരയടിക്കാം.

ഫ്ലോറിഡ സംസ്ഥാന സർക്കാർ ഒട്ടേറെ അഭയകേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. സ്കൂളുകൾക്ക് ചൊവ്വാഴ്ച മുതൽ അവധിയാണ്. കൊടുങ്കാറ്റ് ഭീഷണി അകന്നശേഷമേ താന്പ, ഒർലാൻറോ നഗരങ്ങളിലെ വിമാനത്താവളങ്ങളിൽ സർവീസ് പുനരാരംഭിക്കൂ.

നൂറ്റാണ്ടിനിടെ ഫ്ലോറിഡ നേരിടുന്ന ഏറ്റവും വിനാശകാരിയായ ചുഴലിക്കൊടുങ്കാറ്റായിരിക്കും ഇതെന്നും എല്ലാവരും ഒഴിഞ്ഞുപോകണമെന്നും യുഎസ് പ്രസിഡൻറ് ജോ ബൈഡൻ നിർദേശിച്ചു.

ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കേണ്ടതിനാൽ ബൈഡന്റെ ജർമനി, അംഗോള സന്ദർശനങ്ങൾ മാറ്റിവച്ചതായി വൈറ്റ്ഹൗസ് അറിയിച്ചു.

ഹെലീൻ എന്ന ചുഴലിക്കൊടുങ്കാറ്റ് അമേരിക്കയുടെ തെക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ദുരിതം വിതച്ച് രണ്ടാഴ്ചയ്ക്കുശേഷമാണു മിൽട്ടൻ എത്തുന്നത്. ഹെലീൻ ചുഴലിക്കാറ്റ് 227 പേരുടെ മരണത്തിനിടയാക്കി.

## ഒമർ അബ്ദുള്ള ജമ്മു കാഷ്മീർ മുഖ്യമന്ത്രി; നിയമസഭാ കക്ഷി യോഗത്തിൽ തീരുമാനം

ശ്രീനഗർ: ജമ്മു കാഷ്മീർ മുഖ്യമന്ത്രിയായി ഒമർ അബ്ദുള്ളയെ പ്രഖ്യാപിച്ചു. നാഷണൽ കോൺഫറൻസ് നിയമസഭ കക്ഷി യോഗത്തിലാണ് തീരുമാനം.ഫറൂക്ക് അബ്ദുള്ളയാണ് ഒമർ അബ്ദുള്ളയെ മുഖ്യമന്ത്രിയാക്കിയുള്ള തീരുമാനം പ്രഖ്യാപിച്ചത്. ഇത് രണ്ടാം തവണയാണ് ഒമർ അബ്ദുള്ള ജമ്മു കാഷ്മീർ മുഖ്യമന്ത്രിയാവുന്നത്.

ലഫ്. ഗവർണറെ കണ്ട് സർക്കാരുണ്ടാക്കാൻ അവകാശമുന്നയിക്കുമെന്ന് ഒമർ അബ്ദുള്ള പറഞ്ഞു. 42 അംഗങ്ങളുള്ള എൻസിയാണ് ജമ്മു കാഷ്മീർ നിയമസഭയിലെ ഏറ്റവും വലിയ കക്ഷി.ആറ് അംഗങ്ങളുള്ള കോൺഗ്രസും ഒരംഗമുള്ള സിപിഎമ്മും നാഷണൽ കോൺഫറൻസിനെ പിന്തുണയ്ക്കുന്നു. ഏതാനും സ്വതന്ത്രരും സർക്കാരിനെ പിന്തുണയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ചാല ഐ ടി ഐ പ്രവേശനം : 17 വരെ അപേക്ഷിക്കാം

പുതുതായി ആരംഭിച്ച ചാല ഐ ടി ഐ യിലേക്ക് അഡിറ്റീവ് മാനുഫാക്ചറിങ്ങ് ടെക്നിഷ്യൻ (3ഉ പ്രിന്റിങ്ങ്), മൾട്ടീമീഡിയ അനിമേഷൻ ആൻഡ് സ്പെഷ്യൽ എഫക്ട്സ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. എസ്.എസ്.എൽ.സി.യാണ് യോഗ്യത. വെബ്സൈറ്റിൽ അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യാം. ചാക്ക ഐ ടി ഐ, ചാല ഐ ടി ഐ എന്നിവിടങ്ങളിലും അപേക്ഷാ ഫോം ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 17. കൂടുതൽ വിവരങ്ങൾക്ക്: 8547898921, 9387812235.

## ഉയർന്ന തിരമാലയ്ക്ക് സാധ്യത

തമിഴ്നാട് തീരത്ത് (രാമനാഥപുരം, തിരുനെൽവേലി) വെള്ളിയാഴ്ച രാത്രി 11.30 വരെ 1.1 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ലക്ഷദ്വീപ് (മിനിക്കോയ്, കവരത്തി) തീരങ്ങളിലും ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും ജാഗ്രത മുന്നറിയിപ്പ് നൽകി.ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകടമേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറിത്താമസിക്കണം. ബോട്ട്,വള്ളം മുതലായ മത്സ്യബന്ധനയാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കണമെന്നും അറിയിപ്പിൽ പറയുന്നു.

## ഒന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത ഒന്നാംഘട്ട താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് ഠഠഠ.രലല.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിശദമായ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2525300.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം, ചാക്ക ഗവ. ഐ.ടി.ഐ യിൽ ഡ്രാഫ്സ്മാൻ മെക്കാനിക് ട്രേഡിലേക്ക് നിലവിലുള്ള ജൂനിയർ ഇൻസ്ട്രക്ടർ ഒഴുവിലേക്ക് വിശ്വകർമ്മ കാറ്റഗറിയിൽ (പി.എസ്.സി റൊട്ടേഷൻ ചാർട്ട് അനുസരിച്ചു) താൽക്കാലികമായി ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ ഒക്ടോബർ 15ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി ചാക്ക ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾ മുമ്പാകെ ഇന്റർവ്യവിന് ഹാജരാകണം.

## പാലക്കാട്ട് ആര് മത്സരിച്ചാലും യുഡിഎഫ് ജയിക്കും: കെ.മുരളീധരൻ

തൃശൂർ: പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള സാധ്യത തള്ളാതെ കെ.മുരളീധരൻ. കോൺഗ്രസിൽനിന്ന് ആര് മത്സരിച്ചാലും പതിനായിരം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ യുഡിഎഫ് ജയിക്കുമെന്ന് മുരളീധരൻ പ്രതികരിച്ചു.

പാലക്കാട്ട് മത്സരിക്കുമോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു മുരളീധരൻ. സ്ഥാനാർഥി നിർണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചർച്ച നടന്നതായി അറിയില്ലെന്നും അദ്ദേഹം പറഞ്ഞു.

പൂരം കലക്കൽ വിവാദത്തിലും മുരളീധരൻ പ്രതികരിച്ചു. തൃശൂർ പൂരം കലക്കുമെന്ന് മുൻകൂട്ടി അറിഞ്ഞിരുന്നില്ല. സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കും വരെ കോൺഗ്രസ് പ്രക്ഷോഭം നടത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ജില്ലയിൽ ഞായറാഴ്ച വരെ മഞ്ഞ അലർട്ട്

ജില്ലയിൽ ഞായറാഴ്ച (ഒക്ടോബർ 13) വരെ, 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ജില്ലയിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു.

## വയനാടിനുള്ള കേന്ദ്രസഹായം: ഉടൻ തീരുമാനമെന്ന് ധനമന്ത്രി അറിയിച്ചതായി കെ.വി.തോമസ്

ന്യൂഡൽഹി: വയനാട്ടിലെ ദുരന്തബാധിതർക്കുള്ള കേന്ദ്ര സഹായത്തിന്റെ കാര്യത്തിൽ ഉടൻ തീരുമാനമെന്ന് ധനമന്ത്രി നിർമലാ സീതാരാമൻ അറിയിച്ചതായി സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ.വി.തോമസ്. പ്രധാനമന്ത്രിയുമായി ചർച്ച ചെയ്ത ശേഷം തീരുമാനമെടുക്കുമെന്ന് മന്ത്രി പറഞ്ഞെന്ന് അദ്ദേഹം പ്രതികരിച്ചു.

നിർമലാ സീതാരാമനുമായി കൂടിക്കാഴ്ച നടത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കെ.വി.തോമസ്. കൂടിക്കാഴ്ച പോസീറ്റീവായിരുന്നു. വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ ശേഷം ദുരന്തമുണ്ടായ ഗുജറാത്ത് അടക്കമുള്ള സംസ്ഥാനങ്ങൾക്ക് സഹായം പ്രഖ്യാപിച്ചു. എന്നിട്ടും വയനാടിനെ പരിഗണിക്കാത്തത് ശരിയായ സമീപനമല്ല.ഇക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ദുരന്തസഹായം സംബന്ധിച്ച കേന്ദ്ര മാനദണ്ഡങ്ങൾ പൂർണമായി അംഗീകരിക്കാൻ സംസ്ഥാനത്തിന് കഴിയില്ല. അതാകാം സഹായം വൈകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കോളജ് വിദ്യാർഥികളുടെ ആക്രമണം; പരിക്കേറ്റ വിദ്യാർഥി മരിച്ചു

ചെന്നൈ: തമിഴ്നാട്ടിൽ ഒരു സംഘം വിദ്യാർഥികളുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന വിദ്യാർഥി മരിച്ചു. ചെന്നൈ പച്ചയ്യപ്പാസ് കോളജിലെ വിദ്യാർഥികളുടെ ആക്രമണത്തിൽ പരിക്കേറ്റ പ്രസിഡൻസി കോളജ് വിദ്യാർഥി സുന്ദർ ആണ് മരിച്ചത്.പ്രസിഡൻസി കോളജിലെ പൊളിറ്റിക്കൽ സയൻസ് വിദ്യാർഥിയാണ് സുന്ദർ. മൂർ മാർക്കറ്റ് കോംപ്ലക്സിൽ വച്ചുണ്ടായ സംഘർഷത്തെ തുടർന്ന് രാജീവ് ഗാന്ധി ഗവൺമെൻറ് ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്നു സുന്ദർ.സംഭവത്തെത്തുടർന്ന്, ആക്രമണത്തിൽ ഉൾപ്പെട്ട അഞ്ച് പേരെ ചെന്നൈ പോലീസ് അറസ്റ്റ് ചെയ്തു. ചന്ദ്രു, യുവരാജ്, ഈശ്വർ, ഹരി പ്രസാദ്, കമലേശ്വരൻ എന്നിവരാണ് കേസിലെ പ്രതികൾ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# രാത്രികാല കടകളിൽ മുറുക്കാൻബീഡി വില്പനയുടെ മറവിൽ ലഹരിയും

കോട്ടയം: രാത്രികാലങ്ങളിൽ നഗരത്തിലെ ചില വഴിയോര ചായക്കടകൾ കേന്ദ്രീകരിച്ച് ലഹരി വ്യാപാരം വ്യാപകമായി. രാത്രി നല്ലരീതിയിൽ നടക്കുന്ന കടകൾക്കും ലഹരിവില്പനക്കാർ ഭീഷണിയായി. രാത്രി ഏഴോടെ തുറക്കുന്ന ഇത്തരം കടകളിൽ മുറുക്കാൻ മുതൽ നിരോധിത പുകയില ഉത്പന്നങ്ങൾ വരെ വിൽക്കുന്നു. വിദ്യാർഥികളും മുതിർന്നവരുമൊക്കെ ആവശ്യക്കാരായതിനാൽ വില്പനയും തകൃതി. ചായയും പലഹാരങ്ങളും ലഹരി വില്പനക്കാർക്ക് കേവലം മറ മാത്രമാണ്.കടയിൽ ചായ കുടിക്കാനാളില്ലാത്ത സമയത്താണ് നൊടിയിടയിലുള്ള ലഹരി സാധനങ്ങളുടെ കൈമാറ്റം. കടയിൽ ആളുണ്ടെങ്കിൽ മാറ്റി നിർത്തിയും. ആവശ്യക്കാർ പരിസരത്തെത്തുമ്പോഴെ കൈമാറാൻ പാകത്തിലാണ് കടകളിൽ മിക്കയിടത്തെയും ക്രമീകരണം.

വാഹനങ്ങളിലും പാത്രങ്ങളിലും ഒളിപ്പിച്ചാണ് ഇവ സൂക്ഷിക്കുന്നത്. രൊക്കം പണമിടപാടും നടക്കും. ലഹരി ഉപയോഗിച്ചവർ സംഘം ചേരുന്നതും സംഘർഷമുണ്ടാക്കുന്നതും പതിവാണ്.ചായയുടെയും പലഹാരത്തിന്റെയും മറവിൽ ലഹരി വിൽക്കുന്നത് ഒട്ടേറെ കണ്ണികളുടെ വൻ മാഫിയായാണ്. ലഹരിസാധനങ്ങൾ എത്തിച്ചു നൽകുന്നവർ മുതൽ വില്പനക്കാർ വരെ ഉൾപ്പെട്ടതാണ് ഈ മാഫിയ.ലഹരിയിൽ കുരുങ്ങി ജീവിതം നശിപ്പിക്കുന്നതിലേറെയും വിദ്യാർഥികളാണ്. ഹോസ്റ്റലുകളിൽനിന്ന് സംഘം ചേർന്നു ചായ കുടിക്കാനെന്ന വ്യാജേനെ പുറത്തിറങ്ങുന്ന ഇവർ ചെന്നെത്തുന്നത് ലഹരി വില്പന കേന്ദ്രങ്ങളിലാണ്. മതിയായ നിയന്ത്രണങ്ങളില്ലാത്ത താമസിക്കുന്ന വിദ്യാർഥികളും തൊഴിലാളികളുമാണ് ഇത്തരം കടകളിലെ നിത്യ സന്ദർശകർ.

രാത്രിയിലെ പോലീസ് പട്രോളിംഗ് കാര്യക്ഷമമല്ലെന്നാണ് പൊതുവേയുള്ള പരാതി. ഒട്ടുമിക്ക റോഡുകളിലും ജംഗ്ഷനുകളിലും പോലീസ് സാന്നിധ്യമില്ല. വഴിവിളക്കുകളും ഇല്ല. ഈ സാഹചര്യം മുതലെടുത്ത് ലഹരിമാഫിയ രാത്രിയാത്രക്കാർക്കു സൃഷ്ടിക്കുന്ന സുരക്ഷാ ഭീഷണി ചില്ലറയല്ല. രാത്രി കടകളിൽ പോലീസ്, എക്സൈസ് പരിശോധന ശക്തമാക്കണമെന്നാണ് ആവശ്യം.



വെട്ടുകാട് വാർഷിക തിരുനാളിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ നടന്ന യോഗം മന്ത്രി ജി. ആർ. അനിൽ സമീപം

# വെട്ടുകാട് വാർഷിക തിരുനാൾ: ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കും

നവംബർ 15 മുതൽ 24 വരെ നടക്കുന്ന വെട്ടുകാട് വാർഷിക തിരുനാൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുമെന്ന് വിദ്യാഭ്യാസ തൊഴിൽ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയ തിരുനാളിന് മുന്നോടിയായി ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. ഗവ. സെക്രട്ടേറിയറ്റ് അനക്സ് രണ്ടിലെ ലയം ഹാളിൽ നടന്ന യോഗത്തിൽ ഭക്ഷ്യപൊതുവിതരണ മന്ത്രി ജി. ആർ. അനിൽ, ആന്റണിരാജു എം. എൽ. എ, മേയർ ആര്യാ രാജേന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു.തിരുനാൾ സുരക്ഷിതമായി നടത്തുന്നതിന് പൊലീസ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് മന്ത്രി വി. ശിവൻകുട്ടി നിർദ്ദേശിച്ചു. കോസ്റ്റൽ പോലീസിന്റെ സേവനവും ഉറപ്പുവരുത്തും. പൊലീസ്, എക്സൈസ്, തദ്ദേശസ്ഥാപനം എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ലഹരി വിൽപനയും ഉപയോഗവും തടയുന്നതിന് പരിശോധന നേരത്തെ ആരംഭിക്കും. ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തും. കുടിവെള്ളം മുടങ്ങാതെ ലഭിക്കുന്നതിന് വേണ്ട നടപടി വാട്ടർ അതോറിറ്റി സ്വീകരിക്കും. മൊബൈൽ ഇ ടോയ്‌ലറ്റുകൾ സജ്ജീകരിക്കും. ലൈഫ് ഗാർഡുകളുടെ സേവനവും ഉറപ്പാക്കും. കെ. എസ്. ആർ. ടി. സി തീർത്ഥാടന ദിവസങ്ങളിൽ 20 സ്പെഷ്യൽ സർവീസുകൾ നടത്തും. കെ. എസ്. ഇ. ബി 24 മണിക്കൂർ വൈദ്യുതി ഉറപ്പാക്കും. വഴിവിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് നഗരസഭയുമായി ചേർന്ന് പ്രവർത്തിക്കും. ആരോഗ്യ വകുപ്പിന്റെ പ്രത്യേക ടീം ഇവിടെ പ്രവർത്തിക്കും. റോഡുകളുടെ അറ്റകുറ്റപ്പണി പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി പൂർത്തിയാക്കും.

ജില്ല പൊലീസ് മേധാവി ജി. സ്പർജൻ കുമാർ, കൗൺസിലർമാർ, വെട്ടുകാട് പള്ളി വികാരി ഫാദർ എഡിസൺ, പള്ളിക്കമ്മിറ്റി ഭാരവാഹികൾ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ബി.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം: വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2024 ലെ ബി.ഫാം കോഴ്സിലേയ്ക്കുള്ള വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ഒക്ടോബർ 14ന് വൈകിട്ട് 4 മണിക്ക് മുമ്പായി അതത് കോളേജുകളിൽ പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾക്ക് അവരുടെ ഹോം പേജിലെ 'ഉമമേ ടവലലേ' എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാം. പ്രവേശനം നേടുന്ന സമയത്ത് വിദ്യാർഥികൾ ഈ ഘട്ടത്തിലെ ഡാറ്റാ ഷീറ്റും അലോട്ട്മെന്റ് മെമ്മോയും മറ്റ് രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കണം. വിശദ വിവരങ്ങൾക്ക്: www.cee.kerala.gov.in.

# സർട്ടിഫിക്കറ്റ് പരിശോധന മാറ്റിവെച്ചു

കേരള ദേവസ്വം ബോർഡ് ഒക്ടോബർ 11ന് വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട് ടൈം ശാന്തി (01/2023), പാർട്ട് ടൈം പുരോഹിതൻ (06/2023) തസ്തികകളുടെ ഒക്ടോബർ 11ന് നടത്താനിരുന്ന സർട്ടിഫിക്കറ്റ് പരിശോധന സർക്കാർ പൊതുഅവധി പ്രഖ്യാപിച്ചതിനാൽ ഒക്ടോബർ 14ലേക്ക് മാറ്റിവച്ചു. ഒക്ടോബർ 11ന് തീരുമാനിച്ചിരുന്ന അതേ ഷെഡ്യൂൾ പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആസ്ഥാനത്ത് വെച്ച് ആയിരിക്കും വെരിഫിക്കേഷൻ.

# വയനാട് കേന്ദ്ര സഹായം: കെ.വി തോമസ് കേന്ദ്ര മന്ത്രി നിർമ്മല സീതാരാമനുമായി ചർച്ച നടത്തി

വയനാട് ദുരന്തത്തിൽ കേന്ദ്ര സഹായം അടിയന്തരമായി ലഭ്യമാക്കണമെന്നും ജി എസ് ടി യുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച കാര്യങ്ങളിൽ തീരുമാനം വേഗത്തിൽ എടുക്കണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ വി തോമസ് കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമനുമായി ചർച്ച നടത്തി. കേന്ദ്ര ധനമന്ത്രിയുടെ ഓഫീസിൽ എത്തിയാണ് കൂടിക്കാഴ്ച നടത്തിയത്. വയനാട് സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ പ്രധാനമന്ത്രിയുമായി സംസാരിച്ച് എത്രയും വേഗം തീരുമാനം എടുക്കുമെന്ന് കെ.വി തോമസിന് കേന്ദ്രമന്ത്രി ഉറപ്പ് നൽകി. കേരളത്തിന് ശേഷം പ്രകൃതി ദുരന്തം ഉണ്ടായ പല സംസ്ഥാനങ്ങൾക്കും കേന്ദ്ര സഹായം ലഭ്യമായിട്ടും കേരളത്തിന് ഇപ്പോഴും സഹായം ലഭിച്ചിട്ടില്ലെന്ന് കെ.വി തോമസ് കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. കേന്ദ്ര കേരള മാനദണ്ഡങ്ങളിൽ ചില വ്യത്യാസങ്ങൾ ഉള്ളതുകൊണ്ടാണ് ഈ കാലതാമസം എന്ന് കേന്ദ്രമന്ത്രി അറിയിച്ചു.

ജി എസ് ടി യു മായി ബന്ധപ്പെട്ട് സംസ്ഥാന ധനമന്ത്രിയുമായി പലതവണ സംസാരിച്ചുണ്ടെന്നും ഇനിയുള്ള കാര്യങ്ങളിൽ വേണ്ടിവന്നാൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

ഇപ്പോഴുള്ള കേന്ദ്രസംസ്ഥാന റേഷ്യോ 6040 എന്നത് 5050 എന്ന് ആക്കണമെന്നും സെസുകളും സർചാർജുകളും സാവധാനത്തിൽ ഒഴിവാക്കി എല്ലാ വരുമാനങ്ങളുടെയും ഒരു നിശ്ചിത ശതമാനം സംസ്ഥാനങ്ങൾക്കും ലഭ്യമാക്കണമെന്നതാണ് കേരളത്തിന്റെ നിലപാട്. സംസ്ഥാന വികസനത്തിനും മറ്റ് സാമ്പത്തിക ആവശ്യങ്ങൾക്കുമായി കടമെടുക്കുന്ന കാര്യത്തിൽ കേന്ദ്രത്തിൽനിന്ന് കുറച്ചുകൂടി ഉദാര സമീപനം ഉണ്ടാകണമെന്നും കേരളം ആവശ്യപ്പെട്ടു. ഇതെല്ലാം താമസിക്കാതെ പരിഹരിക്കാമെന്ന് കേന്ദ്ര ധനകാര്യ മന്ത്രി കെവി തോമസിന് ഉറപ്പുനൽകി.

# ഇന്ത്യക്കാരെ പ്രമേഹരോഗികളാക്കുന്നത് എജിഇ ഭക്ഷണക്രമം

ന്യൂഡൽഹി: രാജ്യത്ത് വർധിച്ചുവരുന്ന പ്രമേഹരോഗത്തിനു പിന്നിൽ അഡ്വാൻസ്ഡ് ഗ്ലൈക്കേഷൻ എൻഡ് പ്രോഡക്ട്സ് (എജിഇ) ഭക്ഷണങ്ങളുടെ ഉപയോഗമാണെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ).രാജ്യത്ത് ഏകദേശം 101 ദശലക്ഷം പേർക്ക് പ്രമേഹ രോഗമുണ്ടെന്നും 136 ദശലക്ഷം ആളുകൾ പ്രമേഹത്തിനു മുന്പുള്ള ഘട്ടങ്ങളിലാണെന്നും മദ്രാസ് ഡയബറ്റിസ് റിസർച്ച് ഫൗണ്ടേഷനും ഐസിഎംആറും ചേർന്നു നടത്തിയ പഠനത്തിൽ കണ്ടെത്തി.

മുതിർന്നവരും കുട്ടികളും എജിഇ ഭക്ഷണക്രമത്തിന്റെ പിടിയിലാണ്. 12 ആഴ്ച നീണ്ട പഠനമായിരുന്നു ഇതുമായി ബന്ധപ്പെട്ടു നടത്തിയത്.പഠനവിധേയമാക്കിയവരെ കുറഞ്ഞ എജിഇ ഡയറ്റ് പിന്തുടരുന്നവർ, ഉയർന്ന എജിഇ ഡയറ്റ് പിന്തുടരുന്നവർ എന്നിങ്ങനെ രണ്ടു വിഭാഗമായി തിരിച്ചു. ഇതിൽ ഉയർന്ന എജിഇ ഡയറ്റ് പിന്തുടരുന്നവരെ സംബന്ധിച്ച് കുറഞ്ഞ എജിഇ ഡയറ്റ് പിന്തുടരുന്നവരിൽ ഇൻസുലിൻ സംവേദനക്ഷമത മെച്ചപ്പെടുന്നതായും രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നതായും കണ്ടെത്തി.

*എജിഇ ഡയറ്റ്*

അൾട്രാ പ്രോസസ് ചെയ്തതും വറുത്തതുമായ ഭക്ഷണങ്ങൾ അടങ്ങിയ ഭക്ഷണ ശൈലിയാണ് എജിഇ ഡയറ്റ്. ഇതിൽ പ്രോട്ടീൻ അല്ലെങ്കിൽ ലിപിഡുകൾ ഒരുതരം കാർബോഹൈഡ്രേറ്റ് ആൽഡോസ് ഷുഗറുകളായി പരിഷ്കരിക്കപ്പെടുന്നു. ഇത് ശരീരത്തിൽ വീക്കം, ഓക്സിഡേറ്റീവ് സമ്മർദം, കോശങ്ങളിൽ തകരാർ, ഇൻസുലിൻ പ്രതിരോധം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളിലേക്കു നയിക്കാം. റെഡ് മീറ്റ്, ഫ്രഞ്ച് ഫ്രൈസ്, വറുത്ത ഭക്ഷണങ്ങൾ, ബേക്കറി പലഹാരങ്ങൾ, പറാത്ത, സമൂസ, മധുരപലഹാരങ്ങൾ എന്നിവയാണ് ഉയർന്ന എജിഇ അടങ്ങിയ ഭക്ഷണങ്ങൾ. കൂടാതെ ഫ്രൈ, റോസ്റ്റ്, ഗ്രിൽ തുടങ്ങിയ രീതിയിൽ പാകം ചെയ്യുന്ന ഭക്ഷണങ്ങളും എജിഇ അളവ് വർധിപ്പിക്കാൻ കാരണമാകും. വേവിച്ച ഭക്ഷണത്തിന് ഇതു ബാധകമല്ല.

# വ്യാജ സർട്ടിഫിക്കേഷൻ നടത്തുന്നവർക്കെതിരെ മുന്നറിയിപ്പ്

കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും എൻ സി ഐ എസ് എമ്മിന്റെയും പേരും ലോഗോയും അനധികൃതമായി ഉപയോഗിച്ചുകൊണ്ടിരുന്ന വിവിധ സംഘടനകൾ, സർട്ടിഫിക്കറ്റ്, ഔഷധങ്ങൾ തുടങ്ങിയവയിൽ ഔദ്യോഗിക സർട്ടിഫിക്കേഷൻ എന്ന രീതിയിൽ വ്യാജവും അസാധുവായതുമായ സർട്ടിഫിക്കേഷനുകൾ നൽകുന്നതിനായി എൻസിഐഎസ്എമ്മിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ സംഘടനകൾ നടത്തുന്ന പരിശീലന പരിപാടികൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവയിലും എൻ.ജി.ഒ സംഘടനകൾ, ആയുർവേദ / യോഗയുമായി ബന്ധപ്പെട്ട് നടത്തുന്ന ചില ഹ്രസ്വകാല കോഴ്സുകൾക്ക് അധികാരിത വരുത്തുന്നതിനും ഇത്തരം ലോഗോ വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. ഇത്തരം നടപടികൾ കുറ്റകരമാണ്. ആയുഷ് മന്ത്രാലയം, എൻസിഐഎസ്എം എന്നിവ നേരിട്ട് നൽകുന്നതോ, ഔദ്യോഗികമായി അംഗീകരിച്ചതോ ആയ സർട്ടിഫിക്കേഷൻസ് മാത്രമാണ് സാധുവായവ. ഇത്തരത്തിൽ വഞ്ചനാപരമായി ലോഗോ ഉപയോഗിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത വ്യക്തികൾക്കെതിരെയും സംഘടനകൾക്കെതിരെയും 2023 ലെ എൻസിഐഎസ്എം റഗുലേഷനിലെ റഗുലേഷൻ 27 സബ് റഗുലേഷൻ (ഡി) പ്രകാരവും, ഭാരതീയ ന്യായ സംഹിത പ്രകാരവും കടുത്ത ശിക്ഷാനടപടി സ്വീകരിക്കുന്നതാണെന്ന് ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ പത്രകുറിപ്പിൽ അറിയിച്ചു.

# സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാണെന്ന് പറഞ്ഞാൽ മന്ത്രിമാർ വരെ പരിഹസിക്കുമെന്ന് സതീശൻ

തിരുവനന്തപുരം: കേരളത്തിന്റെ സാമ്പത്തികനില ഭദ്രമാണെന്ന് പറഞ്ഞാൽ ഇടതുമന്ത്രിമാർ വരെ ഉള്ളിൽ പരിഹസിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. അഞ്ച് ലക്ഷത്തിന് മുകളിലുള്ള ചെക്ക് മാറില്ല, അഞ്ച് ലക്ഷത്തിന് താഴെയുള്ള ചെക്ക് വാങ്ങിവച്ച് പണം പിന്നെ ത്തരാമെന്ന് പറയുമെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു.

പഞ്ചായത്തിൽ പുല്ല് വെട്ടിയതിനു കാശ് കൊടുക്കാനില്ല. സാമ്പത്തികനില ഭദ്രമാണെങ്കിൽ എന്തുകൊണ്ട് വിവിധ വകുപ്പുകളിലെ നിയമനം വൈകിപ്പിക്കുന്നുവെന്നും പ്രതിപക്ഷ നേതാവ് ചോദിച്ചു.

ഭിന്നശേഷി അധ്യാപകരുടെ നിയമനം പോലും നടക്കുന്നില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യരുതെന്നാണ് വകുപ്പുകളോട് സർക്കാർ വാക്കാൽ പറഞ്ഞിരിക്കുന്നത്. വിരമിച്ച പോസ്റ്റുകളിൽ പോലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.പിഎസ്സി ലിസ്റ്റിലെ ഒന്നാം റാങ്കുകാർക്ക് പോലും ജോലി നൽകിയില്ലെന്നും സതീശൻ ആരോപിച്ചു.

# ഐ ടി ഓഫീസർ നിയമനം

നഗരകാര്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഐടി ഓഫീസർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. കൂടുതൽ വിവരങ്ങൾക്ക് www.principaldirectorate.lsgkerala.gov.in സന്ദർശിക്കുക. ഇമെയിൽ: auegskerala24@gmail.com. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 21. വിലാസം: എ യു ഇ ജി എസ് സ്റ്റേറ്റ് സെൽ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ഒന്നാം നില, സ്വരാജ് ഭവൻ, നന്ദൻകോട്, തിരുവനന്തപുരം

### മരണാനന്തര ധനസഹായം വിതരണം ചെയ്തു

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി അംഗമായിരിക്കെ മരണപ്പെട്ട ഓട്ടോറിക്ഷാ തൊഴിലാളിയായ വേങ്കോട് സ്വദേശി ഡാൽമി ജെ യുടെ ആശ്രിതർക്കുള്ള മരണാനന്തര ധനസഹായമായ 1,00,000 രൂപയും ശവസംസ്കാര ചടങ്ങിനുള്ള ധനസഹായ തുകയായ 10,000 രൂപയും റീഫണ്ട് ഇനത്തിൽ 19,380 രൂപയും അദ്ദേഹത്തിന്റെ ഭാര്യയും നോമിനിയുമായ ലിജി ജോർജ്ജിന് ക്ഷേമനിധി ഉദ്യോഗസ്ഥർ വീട്ടിലെത്തി കൈമാറി. പ്രസ്തുത ചടങ്ങിൽ ജീവനക്കാരായ ശ്രീലേഖ റ്റി, ശ്രീമതി സുലോചന എന്നിവർ പങ്കെടുത്തു.

# ജിയോളജി അതിഥി അധ്യാപക നിയമനം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ 2024 25 അധ്യയന വർഷത്തേക്ക് ജിയോളജി വിഭാഗത്തിൽ അതിഥി അധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അഭിമുഖം ഒക്ടോബർ 15 നു രാവിലെ 10 മണിക്ക് പ്രിൻസിപ്പലിന്റെ ചേമ്പറിൽ വച്ച് നടത്തുന്നു. യു.ജി.സി നിഷ്കർഷിച്ച യോഗ്യത ഉള്ളവരും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ അതിഥി അധ്യാപകരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾക്ക് പങ്കെടുക്കാവുന്നതാണ്. ഉദ്യോഗാർഥികൾ ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, മുൻപരിചയം, തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം ഒക്ടോബർ 15 ന് രാവിലെ 10 മണിക്ക് മുൻപായി പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകണം.

# വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിദ്യാരംഭം സ്പോട്ട് രജിസ്ട്രേഷൻ

കേരള സർക്കാരിന്റെ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവൻ മഹാനവമി ദിനത്തോടനുബന്ധിച്ച് ആദ്യാക്ഷരവേദി ഒരുക്കുന്നു. 2024 ഒക്ടോബർ 13 ഞായറാഴ്ച രാവിലെ 8.00 മുതൽ വൈലോപ്പിള്ളി സംസ്കൃതിഭവനിൽ ചടങ്ങ് നടക്കും. ജി.എസ്.പ്രദീപ്, പത്മശ്രീ ജി ശങ്കർ, ഡോ. ദിവ്യ എസ് അയ്യർ, പ്രൊഫ. എ. ജി. ഒലീന, കല്ലറ ഗോപൻ, എ.എസ് ജോബി തുടങ്ങിയവരാണ് ഗുരുക്കൻമാരായി എത്തുന്നത്.ആദ്യാക്ഷരവേദിയിൽ കുഞ്ഞുങ്ങളെ എഴുത്തിനിരുത്താൻ താല്പര്യമുള്ള രക്ഷകർത്താക്കൾ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ പേരു രജിസ്റ്റർ ചെയ്യണം. അന്നേ ദിവസം രാവിലെ സ്പോട്ട് രജിസ്ട്രേഷനും ലഭ്യമാണ്. അപേക്ഷാഫാറം ഓഫീസിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, നളന്ദ, നന്തൻകോട്, തിരുവനന്തപുരം, ഫോൺ: 0471 2311842, മൊബൈൽ: 9847561717, ഇമെയിൽ:directormpcc@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെടണം.

# പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു

2024 നവംബർ മാസം നടക്കുന്ന ഡി.എൽ.എഡ് (ലാംഗ്വേജ്) കോഴ്സിന്റെ രണ്ട്, നാല് സെമസ്റ്റർ പരീക്ഷയുടെ പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദമായ വിജ്ഞാപനം പരീക്ഷാഭവന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. (www.pareekshabhavan.kerala.gov.in).

# അനന്യം പദ്ധതി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നീട്ടി

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന അനന്യം പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്ന ട്രാൻസ്ജെൻഡർ കലാടീമിലേക്ക് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 16 ന് വൈകുന്നേരം 5 മണി വരെ ദീർഘിപ്പിച്ചു.

ലഭ്യമാകുന്ന അപേക്ഷകൾ വിലയിരുത്തി പ്രാഥമിക തെരഞ്ഞെടുപ്പ് നടത്തിയതിനു ശേഷം യോഗ്യരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മേഖലാതലങ്ങളിൽ വച്ച് ഓഡിഷൻ നടത്തുന്നതാണ്. ഇപ്രകാരം ഓഡിഷനിലൂടെ അന്തിമ തെരഞ്ഞെടുപ്പ് നടത്തി പ്രസ്തുത ടീമിന് പരിശീലനം നൽകുന്നതാണ്. ഗൂഗിൾ ഫോം ലിങ്കിനും കൂടുതൽ വിവരങ്ങൾക്കും www.swd.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

# സീനിയർ റസിഡന്റ് നിയമനം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിൽ സീനിയർ റസിഡന്റ് തസ്തികയിലേക്ക് നിലവിലുള്ളതും വരുന്ന ഒരു വർഷകാലത്തേക്കും ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വാക് ഇൻ ഇന്റർവ്യൂ ഒക്ടോബർ 18 ന് രാവിലെ 11 ന് നടത്തും.

ഉദ്യോഗാർഥികൾ പ്രസ്തുത വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം മേൽ പ്രസ്താവിച്ചിട്ടുള്ള തീയതികളിലും സമയത്തും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്.